**No. CEE/4848/2013/KEAM-2014/TA1**


കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


# പത്രക്കുറിപ്പ്

## 2014-ലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിലെ ഒഴിവുവന്ന സീറ്റുകളിലേയ്ക്കുള്ള ഓൺലൈൻപ്രവേശനം

സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെയും പുതുതായി ഉൾപ്പെടുത്തിയ ചില സ്വകാര്യ സ്വാശ്രയ ആർക്കിടെക്ചർ കോളേജുകളിലെയും ഒഴിവുള്ള സീറ്റുകളിലേയ്ക്കുള്ള ഓൺലൈൻ അലോട്ട്മെന്റ് നടപടികൾ **03.08.2014** (**ഞായറാഴ്ച**) ആരംഭിക്കുന്നതാണ്.

2014-ലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിയായി തയ്യാറാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ മൂന്നാം ഘട്ട അലോട്ട്മെന്റ് പ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിച്ചവർ ഒഴികെയുള്ളതുമായ വിദ്യാർത്ഥി കൾക്ക് നിലവിലുള്ള ഹയർ ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും, ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും സൗകര്യം ഉണ്ടായിരിക്കുന്നതാണ്. കൂടാതെ 2014-ലെ ആർക്കിടെക്ചർ റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ മൂന്നാം ഘട്ട അലോട്ട്മെന്റ് പ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിച്ചവർ ഒഴികെയുള്ളതുമായ വിദ്യാർത്ഥികൾക്ക് പുതുതായി ഉൾപ്പെടുത്തിയ ആർക്കിടെക്ചർ കോളേജുകളിലേയ്ക്ക് **2014 ആഗസ്റ്റ് 3-ാം തീയതി** മുതൽ **ആഗസ്റ്റ് 5-ാം തീയതി വൈകുന്നേരം 4 മണി** വരെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും പുതുതായി ഉൾപ്പെടുത്തിയ ആർക്കിടെക്ചർ കോളേജുകളിലേയ്ക്ക് അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല.

**അലോട്ട്മെന്റ് ഷെഡ്യൂൾ താഴെ ചേർക്കുന്നു**

| | |
|---|---|
| **03.08.2014 - 3 pm** | പുതിയ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും നിലവിലുള്ള ഹയർ ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും/റദ്ദാക്കുന്നതിനുമുള്ള ഓൺലൈൻ സൗകര്യം സജ്ജമാകുന്നു. |
| **05.08.2014 - 4 pm** | ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ/ക്രമീകരിക്കൽ/റദ്ദാക്കൽ സൗകര്യം അവസാനിക്കുന്നു |
| **06.08.2014** | **അലോട്ടുമെന്റ് പ്രസിദ്ധീകരണം** |
| **07.08.2014 to 09.08.2014** | എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്ക് അലോട്ടുമെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള തുക/അധിക തുക **സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ (SBT)**ന്റെ നിശ്ചിത ശാഖകളിൽ അടച്ച ശേഷം അതത് കോളേജുകളിൽ പ്രവേശനം നേടണം. |
| **09.08.2014** | കോളേജ് അധികാരികൾ നോൺ-ജോയിനിംഗ് റിപ്പോർട്ട് **വൈകുന്നേരം 05.30** മണിയ്ക്കു മുമ്പായി സമർപ്പിക്കണം. |

**പുതുതായി ഉൾപ്പെടുത്തിയ സ്വകാര്യ സ്വാശ്രയ ആർക്കിടെക്ചർ കോളേജുകൾ:**

| ക്രമ. നം. | കോളേജ് കോഡ് | കോളേജുകൾ |
|---|---|---|
| 1 | **EKR** | Eranad Knowledge City College of Architecture, Cherukulam, Manjeri, Malappuram |
| 2 | **MCR** | Marian College of Architecture and Planning, Kazhakuttom, Thiruvananthapuram |
| 3 | **MLR** | Mangalam School of Architecture and Planning, Perumbaikad, Kottayam |
| 4 | **NMR** | Nizar Rahim and Mark School of Architecture, Madannada, Kollam |
| 5 | **TER** | TKM School of Architecture, Ezhukone, Kollam |

തിരുവനന്തപുരം

02.08.2014

**പ്രവേശന പരീക്ഷാ കമ്മീഷണർ**